**മേലെഴുത്ത് നമ്പർ ജി4/68068/2019/കോ.വി.വ തീയതി 02.08.2019**

ടി പരിപത്രം അനുസരിച്ചുള്ള തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഒപ്പ്/-
ഡോ.സുമ.കെ.കെ
അഡിഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

1. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
2. എല്ലാ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാർക്കും(പ്രൈവറ്റ്/എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരുടെ അറിവിലേയ്ക്കും)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ആർ.ബി. 02.08.2019

1632874

GOVERNMENT OF KERALA

30/7/19

FAX MESSAGE

068068

**കേരള സർക്കാർ**

നം. എസ്.ഡി.2/84/2019/പൊ.ഭ.വ. പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്.
തിരുവനന്തപുരം, തീയതി 25.07.2019.

## പരിപത്രം

വിഷയം : **പൊ.ഭ.വ. - 2019 ആഗസ്റ്റ് 20 സദ്ഭാവനാദിനമായി ആചരിക്കുന്നത് - സംബന്ധിച്ച്.**

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ ആഗസ്റ്റ് 20 സദ്ഭാവനാദിനമായി എല്ലാ വർഷവും ദേശവ്യാപകമായി ആചരിച്ചുവരുന്നു. അക്രമ മാർഗ്ഗങ്ങൾ വെടിഞ്ഞ് ദേശത്തിന്റെയും ഭാഷയുടെയും മതത്തിന്റെയും പേരിലുള്ള വ്യത്യാസങ്ങൾ മറന്ന് എല്ലാ വിഭാഗം ജനങ്ങളിലും ദേശീയ ഐക്യവും പരസ്പര സ്നേഹവും വളർത്തുന്നതിനുള്ള സന്ദേശം നല്കുന്നതിനാണ് വർഷംതോറും ഈ ദിനം ആചരിച്ച് പോരുന്നത്.

ഈ വർഷവും ആഗസ്റ്റ് 20 ന് സംസ്ഥാനവ്യാപകമായി സദ്ഭാവനാദിനം ആചരിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. എല്ലാ ജില്ലാ കളക്ടർമാരും വകുപ്പ് മേധാവികളും പൊതുമേഖലാസ്ഥാപന മേധാവികളും തങ്ങളുടെ നിയന്ത്രണത്തിലുള്ള ഓഫീസുകളിൽ **ആഗസ്റ്റ് 20 ചൊവ്വാഴ്ച രാവിലെ 11 മണിക്ക്** സദ്ഭാവനാദിന പ്രതിജ്ഞാ ചടങ്ങ് നടത്തേണ്ടതാണ്. പ്രതിജ്ഞ ചുവടെ ചേർക്കുന്നു.

## പ്രതിജ്ഞ

**"സമുദായം, മതം, പ്രദേശം, ഭാഷ തുടങ്ങിയ യാതൊരുവിധ പരിഗണനയും കൂടാതെ ഭാരതത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ഐക്യത്തിനും സൗഹാർദ്ദത്തിനും വേണ്ടി അർപ്പണ ബോധത്തോടെ പ്രവർത്തിക്കുമെന്ന് ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു.**

**ഒരിക്കലും അക്രമ മാർഗ്ഗം സ്വീകരിക്കില്ലെന്നും എല്ലാത്തരം ഭിന്നതകളും ചർച്ചകളിലൂടെയും ഭരണഘടനാപരമായ മറ്റ് മാർഗ്ഗങ്ങളിലൂടെയും പരിഹരിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു."**

**ബി. ആർ. യമുന**
അഡീഷണൽ സെക്രട്ടറി

✓ എല്ലാ വകുപ്പ് മേധാവികൾക്കും
✓ എല്ലാ ജില്ലാ കളക്ടർമാർക്കും
✓ എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളിലേയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്
സെക്രട്ടറി, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)